Draft #13 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Feb-2021 03:52 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

'നവകേരളം- യുവകേരളം'- ബഹു. മുഖ്യമന്ത്രി സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് 05.02.2021-ന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന ജനറൽ കമ്മറ്റി യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 837/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.02.2021

---

*പരാമർശം:*-നവകേരളം-യുവകേരളം' പരിപാടിയുടെ ഭാഗമായി ബഹു. മുഖ്യമന്ത്രി സർവകലാശാലയിലെ വിദ്യാർത്ഥികളുമായി സംവദിക്കുന്നതിന് 08.02.2021-ൽ മഹാത്മാഗാന്ധി സർവകലാശാലയിൽ വച്ചു നടത്തുന്ന സ്റ്റുഡന്റ് മീറ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജനറൽ കമ്മറ്റിയുടെ യോഗം വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 05.02.2021, 12.00 പി.എം.ന് വൈസ് ചാൻസലറുടെ കോണ്‍ഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

ബഹു. മുഖ്യമന്ത്രി 08.02.2021-ൽ സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു.വൈസ് ചാൻസലർ ചെയർമാനായും അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജനറൽ കമ്മറ്റി 05.02.2021, 12.00 PM-ന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു.

1. കോവിഡ്-19 കണ്ടെയ്മെന്റ് സോണിൽ സർവകലാശാല സ്ഥിതിചെയ്യുന്ന സ്ഥലം ഉൾപ്പെടാത്തതിനാൽ സ്റ്റുഡന്റ് മീറ്റ് മുൻ നിശ്ചയ പ്രകാരം സർവകലാശാലാ സ്റ്റേഡിയത്തിൽ വച്ചു നടത്തുവാൻ ശിപാർശ ചെയ്തു.

.

2 .തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് 08.02.2021 ൽ സർവ്വകലാശാലയിൽ എത്തുന്നതിന് 8.30 എ.എം.-ന് കോട്ടയം, നാഗമ്പടം പ്രൈവറ്റ് ബസ് സ്റ്റാന്റിൽ നിന്നും 8.45 എ.എം ന് ഏറ്റുമാനൂർ കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാൻഡിൽ നിന്നും സർവ്വകലാശാല ബസ്

ഏർപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

3 .സർവകലാശാലാ ജീവനക്കാർക്കും പരിപാടിയിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കും പ്രോഗ്രാം കാണുന്നതിനായി എൽ.ഇ.ഡി. റ്റി.വി. സർവ്വകലാശാല അസംബ്ലി ഹാളിൽ സ്ഥാപിച്ച് പ്രോഗ്രാം പ്രദർശിപ്പിക്കുവാനും ബഹു. മുഖ്യമന്ത്രിയുടെ ആവശ്യത്തിനായി എസ്.പി.ഇ.എസ്.എസ്. പഠന വകുപ്പിൽ ഒരു റൂം എ.സി. സൗകര്യത്തോടെ സജ്ജമാക്കുന്നതിനും ടി. റൂമിനോട് അനുബന്ധിച്ച് ടോയ്ലറ്റിൽ ആവശ്യമായ അറ്റകുറ്റപണികൾ ക്ലീനിംഗ് എന്നിവ നടത്തുന്നതിനും പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും നിർദ്ദേശിച്ച പ്രകാരം സ്റ്റേഡിയത്തിൽ ആവശ്യമായ സ്ഥലം ഗാർഡൻ നെറ്റ് കെട്ടി മറയ്ക്കുന്നതിനും ആവശ്യമായ നടപടികൾക്ക് സർവകലാശാലാ എഞ്ചിനീയറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.
4. മുഖ്യമന്ത്രിയുടെ ആവശ്യത്തിനായി ഒരുക്കുന്ന റൂമിൽ ആവശ്യഘട്ടത്തിൽ മെഡിക്കൽ ടീമിൻറെ സഹായം ലഭിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണെന്ന് ശിപാർശ ചെയ്തു.

5.പരിപാടിയിൽ പങ്കെടുക്കേണ്ട വിദ്യാർത്ഥികളെ നേരിട്ട് ഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ അറിയിക്കുന്നതിനായി പബ്ലിസിറ്റി കൺവീനറെ ചുമതലപ്പെടുത്തുവാനും സർവകലാശാലാ വിദ്യർത്ഥി യൂണിയന്റെ സേവനം ഇക്കാര്യത്തിൽ ലഭ്യമാക്കുവാനും ശിപാർശ ചെയ്തു.

6 പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള റ്റി.എ. / ഡി.എ. അതാത് കോളേജുകൾ തന്നെ വഹിക്കേണ്ടതാണ്.

7.റിസപ്ഷൻ കൗണ്ടറുകൾ 8.30 എ.എം. തയ്യാറായിരിക്കേണ്ടതും റിസപ്ഷൻ കൗണ്ടറുകളിൽ എസ്.എം.ബി.എസ്.-ലെ വിദ്യാർത്ഥികളുടെയും എൻ.സി.സി. വാളണ്ടിയർമാർ എന്നിവരുടെ സേവനം ഉപയോഗിക്കുവാൻ ശിപാർശ ചെയ്തു.

8.പരിപാടിയിൽ കാണിക്കുവാനായി തയ്യാറാക്കിയ വീഡിയോ 10.45 എ.എം മുതൽ പ്രദർശിപ്പിക്കുവാൻ ശിപാർശ ചെയ്തു.

9..എസ്.ബി.ഐ.യിൽ നിന്നുള്ള സ്പോൺസർഷിപ്പ് സംബന്ധിച്ചുള്ള തീരുമാനം ഉടനെ അറിവാകുമെന്ന് ഫിനാൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തു. പരിപാടിയുമായി ബന്ധപ്പെട്ട് ആകസ്മികമായി ചെയ്യേണ്ടി വരുന്ന ജോലികൾ, സാധനങ്ങൾ വാങ്ങുന്നത് തുടങ്ങിയവയുടെ ബില്ലുകൾ രജിസ്ട്രാർ അംഗീകരിച്ച് നൽകുന്ന മുറയ്ക്ക് ധനകാര്യ വിഭാഗത്തിൽ പാസ്സാക്കി തുക നല്കുന്നതിനായി ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

10.പരിപാടിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ മുഖ്യമന്ത്രിയുമായി സംസാരിക്കുവാൻ നിൽക്കുന്ന സ്ഥലത്ത് സാനിറ്റൈസേഷൻ സൗകര്യം ഏർപ്പെടുത്തുവാനുള്ള നടപടികൾക്ക് സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

11..പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള വാട്ട്സ് ആപ്പ് ഗ്രൂപ്പിലേക്ക് വിദ്യാർത്ഥികൾക്കുള്ള നിർദേശങ്ങൾ അയക്കുവാൻ ശ്രീ. അനീഷ് കുമാർ കെ.സി.

Draft #13 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Feb-2021 03:52 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

(സിറ്റാഡ്, സെക്ഷൻ ഓഫീസർ)-നെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

12. സ്റ്റേജിന്റെ മേൽ നോട്ട ചുമതലക്കായി ശ്രീ. അനീഷ് കുമാർ കെ.സി. (സെക്ഷൻ ഓഫീസർ)-യെയും സെക്യൂരിറ്റി ഓഫീസറെയും ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

13. പരിപാടി നടക്കുന്ന ദിവസം വിശിഷ്ടാതിഥികളായി എത്തുന്നവർക്കായി രാവിലെ 15 പേർക്ക് പ്രഭാത ഭക്ഷണവും 25 പേർക്ക് ഉച്ചഭക്ഷഭക്ഷണവും ഗസ്റ്റ് ഹൗസിൽ ഏർപ്പെടുത്തുവാൻ ശുപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു.വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(2 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും, ഫിനാൻസ് ഓഫീസറുടെയും പി.എ മാർക്ക്.
(3) അഡ്വ.പി. ഷാനവാസ് (സിൻഡിക്കേറ്റ് അംഗം & ജനറൽ കമ്മറ്റി കൺവീനർ )
(4) പ്രൊഫ.ഹരികൃഷ്ണൻ പി. (സിൻഡിക്കേറ്റ് അംഗം& പ്രോഗ്രാം & കോ ഓർഡിനേഷൻ കമ്മറ്റി കൺവീനർ)
(5) ഡോ. ബി. കേരളവർമ ( സിൻഡിക്കേറ്റ് അംഗം & അക്കാദമിക് & സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ)
(6) പ്രൊഫ.(ഡോ.) നന്ദകുമാർ കളരിക്കൽ (സിൻഡിക്കേറ്റ് അംഗം&ഫുഡ് & ഹോസ്പിറ്റാലിറ്റി കമ്മറ്റി കൺവീനർ)
(7) ഡോ. എ. ജോസ്, (സിൻഡിക്കേറ്റ് അംഗം & ധനകാര്യം കമ്മറ്റി കൺവീനർ)
(8) ഡോ . ബിജു തോമസ് (സിൻഡിക്കേറ്റ് അംഗം, സ്റ്റേജ് & ഹാൾ കമ്മറ്റി കൺവീനർ)
(9) ഡോ.വർഗ്ഗീസ് കെ. ചെറിയാൻ (സിൻഡിക്കേറ്റ് അംഗം & പബ്ലിസിറ്റി കമ്മറ്റി കൺവീനർ)
(10) ഡോ. സുധാകരൻ കെ. എം. (സിൻഡിക്കേറ്റ് അംഗം & ടെക്നിക്കൽ കമ്മറ്റി കൺവീനർ)

Draft #13 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Feb-2021 03:52 PM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(11) ഡോ. ഷാജില ബീവി എസ്. (സിൻഡിക്കേറ്റ് അംഗം & റിസപ്ഷൻ കമ്മറ്റി കൺവീനർ)

(12) ശ്രീ.മുഹമ്മദ് അബ്ബാസ് എസ്. (സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി

(13 ) സർവ്വകലാശാല എൻജിനിയർ

(14) ജെ.ആർ 1 (ഭരണം), ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്) എ.ആർ 4 (അക്കാദമിക് )

(15 ) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ.

(16) ഡി.എസ്.എസ്

(17 ) പി.ആർ.ഒ

(18) സെക്യൂരിറ്റി ഓഫീസർ

(19) എസ്റ്റേറ്റ് ഓഫീസർ / എ.ഡി.ബി 5 (തുടർ നടപടികൾക്കായി )

(20) സർവ്വകലാശാല മെഡിക്കൽ ഡയറക്ടർ

(21) കെയർ ടേക്കർ , സർവ്വകലാശാല ഗസ്റ്റ് ഹൗസ് (തുടർ നടപടികൾക്കായി)

(22) ശ്രീ. അനീഷ് കുമാർ കെ.സി. (സെക്ഷൻ ഓഫീസർ)

(23) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി.

Draft #13 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Feb-2021 03:52 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം